**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 631** **06-12-2022 - ൽ മറുപടിയ്ക്ക്**

**ചെറുകിട വ്യവസായ യൂണിറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരളത്തിൽ എത്ര ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്; എത്ര ചെറുകിട വ്യവസായ യൂണിറ്റുകൾ അടച്ചു പൂട്ടി; വിശദാംശം നൽകുമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരളത്തിൽ സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിൽ നാളിതുവരെ 1,10,828 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br><br>വിവിധ ജില്ലാവ്യവസായ കേന്ദ്രങ്ങളിൽ നിന്നുള്ള കണക്കുകൾ പ്രകാരം ഈ കാലയളവിൽ 290 ചെറുകിട വ്യവസായ യൂണിറ്റുകൾ അടച്ചു പൂട്ടിയിട്ടുണ്ട്.<br><br>കോവിഡ് മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി, ലാഭക്കുറവ്, വിപണന സൗകര്യക്കുറവ്, ധനകാര്യ സ്ഥാപനത്തിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള കാലതാമസം, അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ് - അതുമൂലമുണ്ടായ വിലക്കയറ്റം, ഒറ്റത്തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക്ക് ഉൽപ്പനങ്ങളുടെ നിരോധനം, വർക്കിംഗ് ക്യാപിറ്റലിന്റെ അഭാവം, തൊഴിലാളികളുടെ ലഭ്യതക്കുറവ്, പ്രളയം, വിദേശ ജോലി, മാർക്കറ്റിംഗ് പ്രശ്നങ്ങൾ, പാർട്ണർമാർ തമ്മിലുള്ള പ്രശ്നം, വൈദ്യുതി ചാർജ്ജ് വർധനവ്, പെട്രോൾ നിരക്ക് വർദ്ധനവ് എന്നീ കാരണങ്ങളാലാണ് പൊതുവിൽ യൂണിറ്റുകൾ അടച്ച് പൂട്ടിയിട്ടുള്ളത്. സർവ്വീസ് മേഖല, കാർഷിക അധിഷ്ഠിത വ്യവസായ മേഖല, സേവന മേഖലയിലെ സംരംഭങ്ങൾ, ഉത്പാദന മേഖല, പ്ലാസ്റ്റിക്ക് അനുബന്ധ മേഖല, ഭക്ഷ്യമേഖല, സിമന്റ് പ്രോഡക്ട്സ്, എഞ്ചിനീയറിംഗ് ഗാർമെന്റ്സ്, അഗ്രോ ഫുഡ് പ്രൊസ്സസ്സിംഗ്, പേപ്പർ കപ്പ് & ഗ്ലാസ് എന്നീ മേഖലയിലെ സ്ഥാപനങ്ങളാണ് അടച്ച് പൂട്ടിയത്. |

സെക്ഷൻ ഓഫീസർ